"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം:142/ഡിഡി2/2021/തസ്വഭവ തദ്ദേശസ്വയംഭരണ (ഡിഡി) വകുപ്പ്

തിരുവനന്തപുരം,

തീയതി: 31/05/2021

## സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണവകുപ്പ്-ലോക പരിസ്ഥിതി ദിനം-തദ്ദേശ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുന്നത് സംബന്ധിച്ച്

സൂചന:- 1. 04.06.2019-ലെ സർക്കുലർ നം.ഡി.ഡി.2/177/2019/ത.സ്വ.ഭ.വ

2. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (സോഷ്യൽ ഫോറസ്ട്രി) ന്റെ 19.05.21-ലെ എസ്.എ.2-224/2021 നമ്പർ കത്ത്

************************

സംസ്ഥാനത്ത് വനം വകുപ്പിന്റെ നേതൃത്വത്തിൽ നടത്തി വരുന്ന സാമൂഹ്യ വനവൽക്കരണ പരിപാടികളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം ശ്രദ്ധേയമാണ്. ഹരിതകേരളം പദ്ധതിയുടെ ഭാഗമായി ഉൽപാദിപ്പിച്ച വൃക്ഷത്തൈകൾ വിതരണം ചെയ്യുന്നതും നട്ട് പിടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ 2021-ലെ ലോക പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി തുടക്കം കുറിക്കുന്നതായും ടി പ്രവൃത്തികളിലും അതുമായി ബന്ധപ്പെട്ട പരിസ്ഥിതി അവബോധ പ്രചാരണ പ്രവർത്തനങ്ങളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തുടർ പങ്കാളിത്തം ഉറപ്പ് വരുത്തുന്ന വിധം എല്ലാ തദ്ദേശ സ്ഥാപനങ്ങൾക്കും സർക്കാർ തലത്തിൽ നിർദ്ദേശം നൽകണമെന്നും സൂചന (2) പ്രകാരം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (സോഷ്യൽ ഫോറസ്ട്രി) അഭ്യർത്ഥിക്കുകയുണ്ടായി. 2019 ജൂൺ 5-ന് മേൽ പറഞ്ഞ ഉദ്ദേശത്തോടെ സൂചന (1) സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതാണ്. എന്നാൽ കോവിഡ്-19 രോഗവ്യാപനം കാരണം സംസ്ഥാനത്ത് നിലവിൽ ലോക്ക് ഡൗൺ പ്രഖ്യാപിച്ചിരിക്കുന്ന സാഹചര്യത്തിൽ കോവിഡ് പ്രോട്ടോക്കോൾ പാലിച്ചും ആൾക്കൂട്ടം ഒഴിവാക്കിയും പരിസ്ഥിതി ദിനാഘോഷം സംഘടിപ്പിക്കേണ്ടതാണെന്ന് കാണുന്നു.

മേൽ സാഹചര്യത്തിൽ, ദുരന്ത നിവാരണ നിയമ പ്രകാരം അതാത് സമയത്ത് നിലവിലുള്ള ഉത്തരവുകൾ/നിർദ്ദേശങ്ങൾ കർശനമായി പാലിച്ച് കൊണ്ട് സൂചന (1) സർക്കുലറിലെ പൊതുനിർദ്ദേശങ്ങൾ അനുവർത്തിച്ച് നടപ്പ് വർഷവും എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വനം വകുപ്പുമായി സഹകരിച്ച് പരിസ്ഥിതി ദിനാഘോഷ പരിപാടികൾ സംഘടിപ്പിക്കേണ്ടതാണെന്ന് നിർദ്ദേശം നൽകുന്നു. വൃക്ഷത്തൈകളുടെ ട്രാൻസ്പോർട്ടേഷനും മറ്റ് ഒഴിവാക്കാനാവാത്ത ചെലവുകൾക്കുമായി പരമാവധി 10,000/-രൂപ വരെ ഓരോ തദ്ദേശസ്ഥാപനത്തിനും തനതു ഫണ്ടിൽനിന്നോ പ്ലാൻ ഫണ്ടിൽ നിന്നോ ചെലവഴിക്കാവുന്നതാണ്.

ബിജുക്കുട്ടൻ എം എസ്
അഡിഷണൽ സെക്രട്ടറി

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (സോഷ്യൽ ഫോറസ്ട്രി),തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ,തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
മിഷൻ ഡയറക്ടർ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
എല്ലാ ഗ്രാമ/ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
എല്ലാ കോർപ്പറേഷൻ മേയർ/സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പൽ ചെയർമാൻ/സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്),തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ), തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Digitally signed by NISAM N
Date:Wed Jun 02 12:52:34 IST 2021
Reason: Approved

സെക്ഷൻ ഓഫീസർ.

പകർപ്പ്: ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്